LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങൾ

120 [490] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്;

(ബി) ഇവ ലാഭത്തിലാണോ, നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

(സി) ഈ സ്ഥാപനങ്ങളിൽ സർക്കാരിന്റെ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 72 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2003-2004-ലെ ലാഭ നഷ്ടക്കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ സ്ഥാപനങ്ങളിലെ സർക്കാരിന്റെ നിക്ഷേപ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

പുതിയ കമ്പനികളിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ

121 [491] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പുതിയ കമ്പനികൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) പ്രസ്തുത പുതിയ കമ്പനികളിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2004 വരെ ഏകദേശം 39000 ചെറുകിട വ്യവസായങ്ങൾക്ക് വ്യവസായ വാണിജ്യ വകുപ്പ് രജിസ്ട്രേഷൻ നൽകി. കൂടാതെ 37 കമ്പനികൾ കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ നിലവിൽവന്നു.

(ബി) ചെറുകിട വ്യവസായങ്ങൾ വഴി ഏകദേശം 135500 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ വരുന്ന കമ്പനികളിൽ എല്ലാംകൂടി 3600 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.